ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, കായണ്ണ, കോട്ടൂർ, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നു,

(ഡി) ജില്ലാ കളക്ടറുടേയും താലൂക്ക്, വില്ലേജ് പുനഃസംഘടനാ കമ്മീഷന്റേയും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

പമ്പാ വാലിയിലെ ഭൂമി സർവ്വേ

7 [2145] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ജനപ്രതിനിധികളുമായി 2004-ൽ റവന്യൂ വകുപ്പുമന്ത്രി ചർച്ച നടത്തി എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പമ്പാവാലിയിൽ ഭൂമി സർവ്വെ നടത്തി സർവ്വേ നമ്പർ നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിരുന്നത്;

(സി) സർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ നിശ്ചയിച്ചിരുന്ന കാലാവധി എത്രയായിരുന്നു ;

(ഡി) തീരുമാനം നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ് ;

(ഇ) പ്രസ്തുത സർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 9-11-2004-ൽ ജനപ്രതിനിധികളുമായി നടത്തിയ യോഗത്തിൽ റാന്നി താലൂക്കിൽ പമ്പാവാലി-ഇലപ്പള്ളി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട സർവെ ജോലികൾ തുടങ്ങുന്നതിനും, മല്ലപ്പള്ളി താലൂക്കിലെ പെരുപെട്ടി വില്ലേജിലെ സ്ഥലം സർവ്വേ ചെയ്തു റിക്കാർഡുകൾ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവെയർമാരുടെ യോഗം നവംബർ മാസംതന്നെ വിളിച്ചു ചേർത്ത് ഡിസംബർ മാസം മുതൽ സർവ്വെ നടത്തുന്നതിന് തീരുമാനിച്ചു.

(സി) 2004 ഡിസംബർ മുതൽ ആറ് മാസം.

(ഡി) 2004 ഡിസംബർ മാസം മുതൽ സർവ്വെ ജോലികൾ തുടങ്ങുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും കെ.എസ്.ടി.പി., ഫാസ്റ്റ് ട്രാക്ക് പദ്ധതികളും താലൂക്ക് ഓഫീസുകളിലെ അടിയന്തിര എൽ.ആർ.എം. ജോലികളും ടി കാലയളവിൽ ചെയ്യേണ്ടി വന്നതിനാൽ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിലെ സർവെയർമാരെ ആ ജോലിക്ക് നിയോഗിക്കാൻ കഴിഞ്ഞില്ല. 2005 ജനുവരി, ഫെബ്രുവരി മാസങ്ങൾകൊണ്ട് പെരുംപെട്ടി വില്ലേജിലെ വനഭൂമി കൈവശക്കാരുടെ സ്ഥലങ്ങൾ സർവ്വെ ചെയ്ത് പൂർത്തിയാക്കി. സർവെയർമാരുടെ ലഭ്യതക്കുറവുമൂലം പമ്പാവാലി പ്രദേശത്തെ സർവ്വെ ജോലികൾ പൂർത്തിയായിട്ടില്ല.

(ഇ) പമ്പാവാലി പ്രദേശത്തെ കൈവശ പ്രകാരം കഴിഞ്ഞ കാലങ്ങളിൽ കുറെഭാഗം സർവ്വേ ചെയ്തിട്ടുണ്ട്. ടി റിക്കാർഡ് പ്രകാരം ഇപ്പോഴത്തെ കൈവശങ്ങൾ പരിശോധിച്ചുവരുന്നു. ടി റിക്കോർഡുകളിൽ നിന്നും വ്യത്യാസമുള്ള ഭാഗങ്ങളും ഇതുവരെ സർവ്വേ ചെയ്യാത്ത ഭാഗങ്ങളും അടിയന്തിരമായി സർവ്വേ ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

കോട്ടുളി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

8 [2148] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കോട്ടുളി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ആവശ്യമായ ഫണ്ട് നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ഫണ്ട് ലഭ്യമാക്കി പുതിയ കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly